ലിറ്റിൽ കൈറ്റ്സ് 2021 - 2022

# നിലാവ്

## ഗവ.ഹയർസെക്കണ്ടറി സ്കൂൾ കുടയത്തൂർ

ഡിജിറ്റൽ മാഗസിൻ 2022

# ഉള്ളടക്കം

ചരിത്ര സ്മാരകം അഞ്ചൽപ്പെട്ടി............3
പഴഞ്ചൊല്ലുകൾ.......................................5
കടംകഥ....................................................6
കൃഷി.......................................................7
ഓണം.......................................................8
പെണ്ണ്.....................................................9
മുത്തശ്ശിക്കഥയിലെ തേൻകണങ്ങൾ..........11
മഞ്ചാടി കുന്ന് ഗ്രാമം...............................13
മനസ്സിൽ നിറഞ്ഞുനിന്ന പെൺകുട്ടി......14
സ്ക്കൂൾതല പ്രവർത്തനങ്ങൾ..................16
ജില്ലയിലെ ഏറ്റവും നീളം കൂടിയ ലഹരി വിരുദ്ധ ക്യാൻവാസ്...................16
തോന്നലുകൾ..........................................26
ദാഹിച്ചു വളഞ്ഞ വൃദ്ധനും നല്ല മനസ്സുള്ള പെൺകുട്ടിയും........................................27

# ചരിത്ര സ്മാരകം അഞ്ചൽപ്പെട്ടി



കേരളത്തിലെ പരമ്പരാഗതമായ തപാൽ സർവീസ് **അഞ്ചലാപ്പീസ്** എന്നാണറിയപ്പെട്ടിരുന്നത്.കത്തിടപാടുകൾക്കായി ഇന്നത്തെ തപാൽപ്പെട്ടികളുടെ സ്ഥാനത്ത്, തിരുവിതാംകൂറിൽ രാജഭരണകാലത്ത് ഉപയോഗിച്ചിരുന്ന പെട്ടിയാണ് അഞ്ചൽപ്പെട്ടി. അഞ്ച് അടിയോളം ഉയരമുള്ള ഉരുക്കിൽ തീർത്ത അഞ്ചൽപ്പെട്ടിയാണ് സാധാരണയായി ഉപയോഗിച്ചിരുന്നത്. ഇതിനുമുകളിലായി തിരുവിതാംകൂറിന്റെ രാജമുദ്രയായ ശംഖ് സ്ഥാപിച്ചിട്ടുണ്ട്. ആധുനിക തപാലാപ്പീസുകളുടെ വരവോടെ അഞ്ചൽപ്പെട്ടികൾ ഉപയോഗിക്കാതായി. 1812 -ൽ കൊട്ടാരംകോപ്പും ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലേക്കുള്ള പുഷ്പങ്ങളും കൊണ്ടുപോകാനുദ്ദേശിച്ചാരംഭിച്ച അഞ്ചൽ വകുപ്പിന്റെ പ്രാദേശിക സംഭരണികളായിരുന്നു ഈ അഞ്ചൽപ്പെട്ടികൾ തപാൽ ഉരുപ്പടികൾ മേൽവിലാസക്കാർക്ക് എത്തിച്ചുകൊടുക്കുന്ന ആളിനെ **അഞ്ചലോട്ടക്കാരൻ , അഞ്ചൽപ്പിള്ള, അഞ്ചൽശിപായി** എന്നീ പേരുകളിലാണ് വിളിച്ചിരുന്നത്. പെട്ടിയിൽ നിക്ഷേപിക്കുന്ന കത്തുകൾ അഞ്ചൽ ആപ്പീസുകളിലെത്തിച്ചു തരംതിരിച്ചതിനു ശേഷം അഞ്ചലോട്ടക്കാരൻ വഴിയാണ് വിലാസക്കാർക്ക് എത്തിച്ചിരുന്നത്. രാജമുദ്രയുള്ള മണികെട്ടിയ അധികാര ദണ്ഡുമായി തപാൽ സാമഗ്രികൾ കാൽനടയായി കൊണ്ടുപോകുന്ന പതിവായിരുന്നു അക്കാലത്തു നിലവിലിരുന്നത് .അഞ്ചലോട്ടക്കാരുടെ വഴിമുടക്കുന്നതു വലിയ കുറ്റമായാണ് കണക്കാക്കിയിരുന്നതു്. കേരളത്തിൽ അഞ്ചൽപ്പെട്ടികൾ പലയിടങ്ങളിലും സ്ഥാപിച്ചിരുന്നതു കൊണ്ട് അതുതന്നെ സ്ഥലനാമങ്ങളും ആയിട്ടുണ്ട്. തപാലാഫീസുകൾ പുതിയ രീതിയിലായപ്പോൾ ഉപയോഗശൂന്യമായ ഈ അഞ്ചൽപ്പെട്ടി സ്കൂൾ അധികൃതരും പി ടി എ യും ചേർന്ന് ഒരു പൈതൃക സമ്പത്തായി കാത്തു സൂക്ഷിച്ചു പോരുന്നു.

# പഴഞ്ചൊല്ലുകൾ

## 'മഴ '

*ചെമ്മാനം കണ്ടാലമ്മാനം മഴയില്ല.

*മകരത്തിൽ മഴ പെയ്താൽ മലയാളം മുടിയും.

*തിരുവാതിരയിൽ നൂറു മഴയും നൂറു വെയിലും.

*മഴ നനയാതെ പുഴയിൽ ചാടി.

*മഴ പെയ്താൽ പുഴ അറിയും.

*മഴ നിന്നാലും മരം പെയ്യും.

*കർടക്കിടകത്തിൽ പത്തുണക്ക്.

*മഴെയന്നു കേട്ടാൽ മേടു പേടിക്കുമോ.

*മഴയുമില്ല വിളയുമില്ല.

*തിരുവാതിരയിൽ തിരിമുറിയാതെ.

# കടംകഥ

*കാറ്റത്തോട്ടം കുടവയറൻ?

ഉ: ബലൂൺ

*കാട്ടിലമ്മ പൊന്നണിഞ്ഞു നിൽക്കുന്നു?

ഉ:കൊന്ന പൂത്തുനിൽക്കുന്നു.

*കാട്ടുപ്പുല്ല്,വീട്ടുസഭയിൽ?

ഉ: പുൽപ്പായ.

*അകന്നു നിന്നു നോക്കിക്കാണും

കണ്ട തെല്ലാം ഉള്ളിലാക്കും?

ഉ: ക്യാമറ.

*കാട്ടിലൊരു മദാമ്മ കുട പിടിച്ച് നിൽക്കുന്നു?

ഉ: കൂൺ.

*ആനയ്ക്ക് നിൽക്കാൻ തണലുണ്ട്,ഉപ്പ് പൊതിയാൻ ഇലയില്ല?

ഉ:പുളി മരം

*അവിടെ കണ്ടു,ഇവിടെ കണ്ടു പിന്നെ കണ്ടില്ല?

ഉ:മിന്നാമിനുങ്ങ്.

*ഇല നുള്ളി കുഴിച്ചിട്ടു,കുഴി നിറയെ മുട്ടയിട്ടു?.

ഉ:കൂർക്ക.

# കൃഷി

*ചന്തയിൽ വെള്ളരി നടില്ല.

*വിത്തു ഗുണം പത്തുഗുണം

*നട്ടു തിന്നണം ചുട്ടുതിന്നരുത്.

*ഞാറുറച്ചാൽ ചോറ്റുറച്ചു.

*മണ്ണറിഞ്ഞു വിത്തിടുക.

*അയലൊത്തു  വിളയിടണം.

*ഓണാട്ടൻ വിതച്ചാൽ  ഓണത്തിനു പുത്തിരി.

*പൂയത്തിനു മഴ പെയ്താൽ പുല്ലും നെല്ല്.

*ഉഴുന്ന കാള വിത്തറിയേണ്ട.

*നെല്ലറ പൊന്നറ.

# ഓണം

*ഓണം കഴിഞ്ഞാൽ ഓലപ്പുര ഓട്ടപ്പുര.

*ഓണം പോലെയാണോ  തിരുവാതിര?

*ഓണമുണ്ട  വയറേ ചൂളം പാടിക്കിട.

*ഓണാട്ടൻ വിതച്ചാൽ ഓണത്തിനു പുത്തിരി.

*കാണം വിറ്റും ഓണം ഉണ്ണണം.

*ഓണത്തേക്കാൾ വലിയ മകമുണ്ടോ?

1. സുകൃതം ചെയ്താൽ സ്വർഗം കിട്ടും

2. വിശപ്പിന് കറി വേണ്ട

3. ശവത്തിൽ കുത്തരുത്

4. വീടിനു അലങ്കാരം വൃത്തിയാണ്

5. ക്ഷണിച്ചു വരുത്തി ഊണില്ലെന്നു പറയുക

7 വറ്റൊന്ന് കളഞ്ഞാൽ പട്ടിണി പത്തു

8 മൂന്നാൾ ഇറങ്ങിയാൽ മൂളി പോരും

9 മീശ നരച്ചാലും ആശ നരകുമോ

10 മിനമാസത്തിലെ ഇടി മീൻ കണ്ണിലും വെട്ടും

6. ശീലിച്ചതെ പാലിക്കു

# പെണ്ണ്

താര വന്നു കുട്ടുകൂട്ടും
കൊച്ചു കുറുമ്പി
അനുരാഗ ശ്രീരാഗം
പാടുന്ന താളം
ഓടിയോടിയോടി വരുന്ന
കൊച്ചു കുറുമ്പി താര
വന്നു കൂട്ടുകൂടും കൊച്ചു
കുറുമ്പി മെല്ലെ മെല്ലെ
തഴുകുന്ന കൊച്ചു
കുറുമ്പി നീയല്ലോ എന്റെ
ദേവത നീയല്ലോ എൻ
ദേവത ആരിരാരോ
രാരോ രാരോ മഞ്ഞ
പെണ്ണേ കുഞ്ഞിപ്പെണ്ണേ
ചാഞ്ചാടും പെണ്ണേ കുരു
കുരു തീവണ്ടി ഓടിച്ചാടി

നടക്കും തീവണ്ടി മടി

മടി മടി മടി മടി ചിപ്പെണ്ണ്

കടങ്കഥ ചോദിക്കും

പെണ്ണ് ചിരി തമാശ

കൂടിവരുന്ന ഒരു പെണ്ണ്

ഇവളാണെൻ പെണ്ണ്

കുഞ്ഞിപ്പെണ്ണ് തക്കുടു

പെണ്ണ് അമ്മ പെണ്ണ്

ഒന്നും അനുസരിക്കുക

യില്ലാത്തവളാണ് അവൾ

ഒരിടത്തിരിക്കില്ലാത്ത

ഒരുകൊച്ചു പെണ്ണ്......

ഇവളാണ് പെണ്ണ് പെണ്ണ്.

# മുത്തശ്ശിക്കഥയിലെ തേൻകണങ്ങൾ

ഒരിടത്തൊരിടത്ത് ഒരു വലിയ മലഞ്ചെരുവിന്റെ അടിവാരത്തിൽ ഒരു മാവിന്റെ ചുവട്ടിൽ ഒരു കൊച്ചു വീട്. അവിടെ കള കളം പാട്ടിയൊഴുകുന്ന നദിയും, ചെത്തി, മുല്ല, പിച്ചി എന്നിങ്ങനെ പലതരം പുഷ്പങ്ങളും പച്ച പരവതാനി വിരിച്ച ധാരാളം മരങ്ങളും ഉണ്ടായിരുന്നു. അവിടെ ആ കൊച്ചു ഗൃഹത്തിൽ ഒരു മുത്തശ്ശിയും അവരുടെ പേരക്കുട്ടിയും താമസിച്ചിരുന്നു. അങ്ങനെ ഒരു ദിവസം 'മുത്തശ്ശി'.....എന്നൊരു നീട്ടിവിളി. മുത്തശ്ശി അങ്കണത്തിലിറങ്ങി അങ്ങ് നോക്കുമ്പോൾ പേരക്കുട്ടി ഓടി വരുന്നു.ഓടിവരുന്ന പേരക്കുട്ടിയെ കണ്ട് മുത്തശ്ശി ചോദിച്ചു 'എന്താടാ അപ്പു' എന്തുപറ്റി. ഓടിവന്ന കുട്ടി മാവിന്റെ ചോട്ടിൽ എത്തിയപ്പോൾ കാല് തെന്നി തറയിൽ വീണു. മുട്ട് പൊട്ടി. മുത്തശ്ശി ഓടിവന്ന് അപ്പുവിനെ നെഞ്ചോട് ചേർത്ത് വീടിന്റെ വരാന്തയിലേക്ക് കൊണ്ടുപോയി. മുട്ടുപൊട്ടിയ നീറ്റൽ കാരണം അപ്പു

വിതുമ്പുന്നു. അത് കണ്ട മുത്തശ്ശി അവനെ ഒരു കഥ പറഞ്ഞു കൊടുത്തു. ആ മലയുടെ അടിവാരത്തിന്റെ കഥ.

കഥ പറഞ്ഞു പകുതി ആയപ്പോൾ അപ്പു മയങ്ങി. നീണ്ട ഒരു ഉറക്കത്തിന് ശേഷം അപ്പു വീടിന്റെ ഉള്ളിലേക്ക് പോയി. 'മുത്തശ്ശി'എന്നു നീട്ടി വിളിച്ചു. വീടിന്റെ പിന്നാമ്പുറത്ത് വീണു കിടക്കുന്ന മുത്തശ്ശിയെ വിളിച്ചുണർത്താൻ നോക്കി. വെള്ളം തളിച്ചപ്പോൾ മുത്തശ്ശി ഉണർന്നു. അപ്പു മുത്തശ്ശിയെ പതിയെ എഴുന്നേൽപ്പിച്ച് വരാന്തയിൽ കൊണ്ടുപോയി ഇരുത്തി.

മുത്തശ്ശി പൂർണ്ണമായക്കത്തിൽ നിന്നും എഴുന്നേറ്റു. അപ്പുവിന്റെ കണ്ണിലെ സങ്കടത്തിന്റെ നീർച്ചാൽ മുത്തശ്ശി കണ്ടു. മുത്തശ്ശി അവനെ നെഞ്ചോട് ചേർത്തു. അന്ന് രാത്രി ഒരു തുള്ളി പോലും മയങ്ങാതെ അപ്പു മുത്തശ്ശിയെ തന്നെ നോക്കിയിരുന്നു. മുത്തശ്ശി അങ്ങനെയിരിക്കുന്ന അപ്പുവിനെ നോക്കി ഒരു മധുരമായ കഥ പറഞ്ഞു. അപ്പുവിന് മുത്തശ്ശിയുടെ കഥകൾ എന്നും വാത്സല്യവും തേൻകണങ്ങളും നകരുന്നതായിരുന്നു. പക്ഷേ ആ

തേൻകണം എന്നെന്നേക്കുമായി നിലനിന്നില്ല. മുത്തശ്ശിയുടെ ആ ചിരി എന്നെന്നേക്കുമായി ഭൂമിയിൽ നിന്നും മറഞ്ഞു.

## മഞ്ചാടി കുന്ന് ഗ്രാമം

അങ്ങ് ദൂരെ ഒരിടത്ത് മഞ്ചാടി എന്ന പേരുള്ള ഒരു കുട്ടി ഉണ്ടായിരുന്നു. അവൾ ആ നാട്ടിലെ എല്ലാവർക്കും പ്രിയപ്പെട്ടവൾ ആയിരുന്നു. സ്കൂളിലും ഗ്രാമത്തിലും എന്ത് ആവശ്യം വന്നാലും അവൾക്ക്. പാട്ട് പാടാനും ഡാൻസ് കളിക്കാനും ഒക്കെ അറിയാം. എല്ലാ മത്സരത്തിലും വന്നുകൂടുന്ന മിടുക്കിയായിരുന്നു. മഞ്ചാടി അങ്ങനെയാണ് ആ ഗ്രാമത്തിന് മഞ്ചാടിക്കുന്ന് ഗ്രാമം എന്ന് പേര് വന്നത്. മഞ്ചാടിക്കു സ്വന്തം എന്ന് പറയാൻ ഒരു മുത്തശ്ശി മാത്രമേ ഉള്ളൂ ഒരു ദിവസം മഞ്ചാടി സ്കൂളിൽ പോയിട്ട് വന്നപ്പോൾ. മഞ്ചാടിയുടെ വീടിനു മുറ്റത്ത് ആളുകൾ നിൽക്കുന്നു. അവൾക്ക് ഒന്നും മനസ്സിലായില്ല. അവൾ പതിയെ വീട്ടിലേക്ക് നടന്നു. മുത്തശ്ശി എന്നെ തനിച്ചാക്കി പോയി എന്ന് മനസ്സിലാക്കിയ.മഞ്ചാടി ആരോടും ഒന്നും

പറയാതെ മുറിയുടെ മൂലയിൽ പോയിരുന്നു. കുറച്ചുദിവസത്തിനുശേഷം മഞ്ചാടി സ്കൂളിൽ പോയി പക്ഷേ മഞ്ചാടി തിരികെ വീട്ടിൽ വന്നില്ല. മഞ്ചാടിക്കുന്ന് ഗ്രാമത്തിലെ ജനങ്ങൾ മുഴുവൻ മഞ്ചാടിയെ തേടി ഇറങ്ങി. അവളെ എങ്ങും കണ്ടെത്താൻ ആയില്ല ഇന്നും ഓരോരുത്തരുടെയും മനസ്സിലും മഞ്ചാടി ഗ്രാമത്തിലും അവൾ നിറഞ്ഞു നിന്നു.

## മനസ്സിൽ നിറഞ്ഞുനിന്ന പെൺകുട്ടി

മനസ്സിൽ നിറയെ നിറഞ്ഞു നിന്ന പെൺകുട്ടി..

ആരാണ് ആരാണ് ആ... പെൺകുട്ടി

കാണാൻ കൊതിച്ച നാട്ടാര് വീട്ടാര്...

ഓ... ഓ....

ആരാണ് ആ പെൺകുട്ടി

അധ്വാനം നിറച്ച് നിന്ന പെൺകുട്ടി...

മായാജാലം പോലെ വന്നിറങ്ങി

ആരാരോ ആരാരോ ആരാരോ..

കാണാൻ കൊതിച്ചപ്പോൾ തല

പോയി പൊന്നാനി മാലാഖയെ

വെട്ടിച്ച് കളഞ്ഞ പെൺകുട്ടി..

ആരാണ് ആരാണ് കണ്ടുകിട്ടി

പെൺകുട്ടിയെ.. മാളൂട്ടി എന്ന്

പേരുള്ള പെൺകുട്ടി..

കണ്ണ് നിറയെ കരി വാരി

ളുകിയ പെൺകുട്ടി മാളൂട്ടി മാളൂട്ടി..

# സ്കൂൾതല പ്രവർത്തനങ്ങൾ

## ജില്ലയിലെ ഏറ്റവും നീളം കൂടിയ ലഹരി വിരുദ്ധ ക്യാൻവാസ്

ജില്ലയിലെ ഏറ്റവും നീളംകൂടിയ ലഹരി വിരുദ്ധ ക്യാൻവാസ് ഒരുക്കി കുടയത്തൂർ ഗവ. ഹയർ സെക്കന്ററി സ്കൂളിലെ എൻ. എസ്.എസ്. വിദ്യാർത്ഥികൾ. എൻ. എസ്. എസ്. സഹവാസ ക്യാമ്പിന്റെ ഭാഗമായിട്ടാണ് തുടങ്ങനാട് സെന്റ് തോമസ് ഹൈസ്കൂളിന്റെ മതിലിൽ വിദ്യാർത്ഥികൾ ലഹരി വിരുദ്ധ ക്കുറ്റൻ ക്യാൻവാസ് ഒരുക്കിയത്.' ക്യാൻവാസിന്റെ ഉദ്ഘാടനം മന്ത്രിറോഷി അഗസ്റ്റിൻ നിർവ്വഹിച്ചു.



# ഐ.ടി ക്വിസ് - യു പി ,എച്ച് എസ്






# ക്രാഫ്റ്റ് 2023 തൊഴിൽ നൈപുണ്യ വികസന ക്യാമ്പ്

അറക്കുളം ബിആർസിയുടെ ആഭിമുഖ്യത്തിൽ കുടയത്തൂർ ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിൽ ക്രാഫ്റ്റ് 2023 തൊഴിൽ നൈപുണ്യ വികസന ക്യാമ്പ് ആരംഭിച്ചു. പി ടി എ പ്രസിഡൻറ് കെ പി രാജേഷ് കൊച്ചുകുന്നേൽ അധ്യക്ഷത വഹിച്ച ക്യാമ്പ് ജില്ലാ പഞ്ചായത്ത് മെമ്പർ പ്രൊഫ. എം ജെ ജേക്കബ് ഉദ്ഘാടനം ചെയ്തു. കുടയത്തൂർ ഗ്രാമപഞ്ചായത്ത് മെമ്പർ ഷീബ ചന്ദ്രശേഖരപിള്ള മുഖ്യപ്രഭാഷണം നടത്തി. ഹെഡ്മിസ്ട്രസ് എം.ജീന ആശംസകൾ അർപ്പിച്ചു . സുരേഷ് ,സുജാത എന്നീ പ്രതിഭകളെ ജില്ലാ പഞ്ചായത്ത് മെമ്പർ പ്രൊഫ. എം ജെ ജേക്കബ്, ഗ്രാമപഞ്ചായത്ത് മെമ്പർ ഷീബ ചന്ദ്രശേഖരമുള്ള എന്നിവർ പൊന്നാടയണിയിച്ച് ആദരിച്ചു. സീനിയർ അസിസ്റ്റന്റ് കൊച്ചുറാണി ജോയി സ്വാഗതവും കെ. കെ .ഷൈലജ നന്ദിയും പറഞ്ഞു. ഫ്രോബാഗ് നിർമ്മാണം, പച്ചക്കറി കൃഷി, ജ്യൂസ് നിർമ്മാണം, സ്ക്വാഷ് നിർമ്മാണം, മെറ്റൽ എൻഗ്രേവിംഗ് തുടങ്ങി

വിവിധങ്ങളായ പ്രവർത്തനങ്ങളാണ് മൂന്ന ദിവസത്തെ ക്യാമ്പിൽ നടക്കുന്നത്. ബി.ആർ.സി അംഗങ്ങളായ ടി .എസ്. ജമീല , മരിയാ റാണി ,ആൻസി ജോസഫ് എന്നിവർ നേതൃത്വം നൽകി.











# സ്കൂൾ തല പ്രവർത്തനങ്ങൾ













കടയത്തൂർ ഗവ .ഹയർ സെക്കണ്ടറി സ്കൂളിൽ ഓൺലൈനായി ഹിരോഷിമ ദിനം ആചരിച്ചു .









കടയത്തൂർ ഗവ .ഹയർ സെക്കണ്ടറി സ്കൂളിൽ ഓൺലൈനായി ചാന്ദ്രദിനാചരണം നടത്തി



ഗവ.ഹയർ സെക്കണ്ടറി സ്കൂളിൽ ഓൺലൈൻ പഠനത്തിനായി ജി .സ്യൂട്ട് പ്ലാറ്റ്ഫോ






കടയത്തൂർ ഗവ .ഹയർ സെക്കണ്ടറി സ്കൂളിൽ സ്വാതന്ത്ര്യ ദിനം ആഘോഷിച്ചു


VBC
news
ബഹു.ജലവിഭവ വകുപ്പ് മന്ത്രി ശ്രീ റോഷി അഗസ്റ്റ്യൻ

















VBC
news
കൗൺസിലർ സി കെ സിന്ധു


HAPPY
REPublic
DAY



# തോന്നലുകൾ

അവൾ വേഗത്തിൽ നടന്നു. ശരീരം വിറയ്ക്കുന്നുണ്ടായിരുന്നു. ബസ്സ്റ്റോപ്പിൽ നിന്നും ആളുകളെല്ലാം പൊയ്ക്കഴിഞ്ഞു. കറുത്ത മാനം മാത്രം കൂട്ടിനുണ്ട്. നടത്തത്തിനിടയിൽ വീണ്ടും അവൾ തിരിഞ്ഞു നോക്കി. എന്തോ ചോദിക്കാനൊരുങ്ങിയ താടിക്കാരൻ മാടക്കടയിൽ നിന്ന് ഇറങ്ങി താൻ നടക്കുന്ന വഴിയെ കൂടി വരുന്നുണ്ട്. പെട്ടെന്ന് അയാൾ അവളോട് ഒരു ചോദ്യം, നീ ആരാണ്?അവൾ ആദ്യം പറയാൻ മടിച്ചു. പിന്നീട് അവൾ പറഞ്ഞു. പതുക്കെ, ശബ്ദമില്ലാതെ. അതിനുശേഷം അവൾ വേഗത്തിൽ നടക്കാൻ തുടങ്ങി. അവൾ എത്ര വേഗം നടന്നിട്ടും അയാളെ മറികടക്കാനായില്ല .അവൾക്ക് ഭയമായി അയാൾ അവസാനം വേറെ വഴിയിലേക്ക് പോയി .അങ്ങനെ അവൾക്ക് സമാധാനവുമായി .അവൾക്ക് അപ്പോഴാണ് മനസ്സിലായത് എല്ലാം അവളുടെ വെറും തോന്നൽ മാത്രമാണ്. അവൾ അങ്ങനെ നീങ്ങി .ഇതുപോലെയാണ് ചിലത് നമ്മുടെ വെറും തോന്നൽ മാത്രമാണ്.

## ദാഹിച്ചു വളഞ്ഞ വൃദ്ധനും നല്ല മനസ്സുള്ള പെൺകുട്ടിയും

ഒരു ദിവസം ദാഹിച്ചു വലഞ്ഞ ഒരു വൃദ്ധൻ നാട്ടുവഴിയിലൂടെ നടന്നുവരികയായിരുന്നു .അങ്ങനെ നടന്നു വരുമ്പോൾ ഒരു ചെറിയ കുട്ടി ഒരു കുപ്പിയിൽ നിറയെ വെള്ളവുമായി വൃദ്ധന്റെ നേരെ വരുന്നു . കുട്ടിയെ കണ്ട് കുറച്ചു വെള്ളം തരുമോ എന്ന് ചോദിച്ചപ്പോൾ ആ കുട്ടി വൃദ്ധനെ തിരിഞ്ഞു നോക്കാതെ പറയുന്നത് കേട്ട് നടന്നുപോകുന്നത് കണ്ട വൃദ്ധന് വളരെ സങ്കടമായി പിറ്റേദിവസം ഒരു കുട്ടി ആ നാട്ടുവഴിയിലൂടെ നടന്നു വരുമ്പോൾ വൃദ്ധൻ കുട്ടിയോട് കയ്യിൽ വെള്ളം ഉണ്ടോ എന്ന് ചോദിച്ചപ്പോൾ കുട്ടി കയ്യിലിരുന്ന വെള്ള കുപ്പി എടുത്തു കാണിച്ച വൃദ്ധനെ പരിഹസിച്ചു . പരിഹാസമൊട്ടും സഹിക്കാൻ ആയില്ല പിറ്റേദിവസം ആ വൃദ്ധന്റെ ആയുസ്സ് കഴിയാറായി എന്ന് തോന്നിയ ആ വൃദ്ധൻ വഴിയുടെ നടുവിൽ തളർന്നുവീണു . തനിക്ക് വെള്ളം തരാതെ പോയവർക്ക് തന്റെ ശാപം എന്നും അവരെ പിന്തുടർന്നുകൊണ്ടേയിരിക്കും എന്ന് മനസ്സിൽ പറഞ്ഞു അപ്പോൾ ആ വഴിയൊരു പെൺകുട്ടി നടന്നുവരുന്നത് വൃദ്ധൻ ശ്രദ്ധിച്ചു .വെള്ളം ചോദിക്കാമെന്ന് മനസ്സിൽ ചിന്തിച്ചെങ്കിലും അത് വേണ്ട എന്ന് വച്ചു .ഇനിയും ഒരു പരിഹാസം കേൾക്കാൻ തനിക്ക് ആവില്ല എന്ന അവബോധം സങ്കടത്തോടെ മനസ്സിൽ മൊഴിഞ്ഞു .പെൺകുട്ടി വൃദ്ധന് നേരെ ചെന്ന് കയ്യിലിരുന്ന വെള്ളക്കുപ്പി മുഴുവനായും അയാൾക്ക് കൊടുത്തു . ദാഹിച്ചു വലഞ്ഞുവന്ന ആ വൃദ്ധൻ സന്തോഷപൂർവ്വം അത് വാങ്ങി കുടിച്ചു .പെൺകുട്ടി മടങ്ങുന്നത് കണ്ട് അവളെ തിരികെ വിളിച്ചു ശേഷം കയ്യിലിരുന്ന ഒരു വിചിത്രകല്ല് ആ കുട്ടിക്ക് നൽകിക്കൊണ്ട് പറഞ്ഞു .നല്ല മനസ്സിന് ഞാൻ തന്ന സമ്മാനമാണിത് .ഇത് കയ്യിൽ

വെച്ച് എന്ത് ആഗ്രഹം വേണമെങ്കിലും പറഞ്ഞോളൂ അത് സാധിക്കും. അവൾ ആദ്യം ആ കല്ലെടുത്തുകൊണ്ട് പറഞ്ഞത് ലോകത്തിലുള്ള ചലിക്കുന്നതും ചലിക്കാത്തതുമായ സർവ്വതിനും നല്ലത് ഭവിക്കട്ടെ എന്നാണ് . ആ കുട്ടിയുടെ നല്ല മനസ്സുകൊണ്ട് പിൽക്കാലം അവൾ സുഖമായി ജീവിച്ചു.

# നന്ദി